LIBRARY ARCHIVES Kerala Legislative Assembly

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ന്യൂട്രിമിക്സ് ഇന്ന് വിശ്വപ്രസിദ്ധമാണ്. അതുകൊണ്ട് തന്നെയാണ് ഗൗരവമായി ചില കാര്യങ്ങൾ അറിയുവാൻ ശ്രമിക്കുന്നത്. കവറിനേക്കാൾ പ്രധാനമാണ് കവറിനുള്ളിലെ പൊടി. 13000 ടൺ ന്യൂട്രിമിക്സ് കഴിഞ്ഞ വർഷം ഉണ്ടാക്കി. അതിന് 6500 ടൺ ഗോതമ്പ് മതി. എന്നാൽ 8000 ടൺ ഗോതമ്പാണ് 4 രൂപ നിരക്കിൽ എഫ്.സി.ഐ.-യിൽ നിന്നും ലിഫ്റ്റ് ചെയ്തത്. 16 രൂപ നിരക്കിൽ ബാക്കി 1500 ടൺ ബ്ലാക്കിൽ പോയി. രണ്ടാമതായി, 50 കോടി രൂപയുടെ നിലക്കടല, സോയാബീൻ, പഞ്ചസാര തുടങ്ങിയവ അംഗനവാടികൾക്ക് ആവശ്യമായ സാധനങ്ങൾ സിവിൽ സപ്ലൈസിൽ നിന്നും വാങ്ങണമെന്നുള്ള ഓർഡറുണ്ട്. ഇപ്പോൾ മാറിയ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റീ-ഇൻ-സ്റ്റേറ്റ് അംഗീകരിച്ചുകൊണ്ട് വീണ്ടും ഉത്തരവിറക്കി. പുറത്ത് സ്വകാര്യ ഏജൻസിയിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾക്ക് ഗുണനിലവാരം ഇല്ലെന്ന് ഫുഡ് ആന്റ് സേഫ്റ്റി കമ്മീഷണർ അറിയിച്ചിട്ടുണ്ടെന്നുള്ള കത്ത് നിങ്ങൾക്ക് കിട്ടിയിട്ടില്ലേ. ആ കത്തിൽ 1.70 രൂപയ്ക്ക് വാങ്ങുന്നത് 1.10 രൂപയ്ക്ക് കിട്ടുമെന്ന് പറഞ്ഞിട്ടില്ലേ? ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം വേണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അങ്ങേക്ക് എഴുതിയിരുന്നു. അത്തരം വിജിലൻസ് അന്വേഷണത്തിന് അങ്ങ് തയ്യാറാകുമോ?

ഡോ. എം. കെ. മുനീർ: സർ, ഈ ചോദ്യം എവിടെ നിന്നും വന്നതാണെന്നും എന്താണ് ഉദ്ദേശ്യമെന്നും എനിക്ക് രാവിലെ തന്നെ മനസ്സിലായി. കുടുംബശ്രീ എന്നുപറയുന്നത് അങ്ങേക്ക് മാത്രം കൊണ്ട് നടക്കാൻ പറ്റുന്നതല്ലെന്ന് ബോദ്ധ്യപ്പെടുകയും അത് നല്ല രീതിയിലാണെന്ന് ലോകം പറയുകയും ചെയ്യുന്നതിൽ താങ്കൾക്ക് വിഷമം ഉണ്ടെങ്കിൽ എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. എന്ത് അന്വേഷണം വേണമെങ്കിലും നടത്താം. എക്സിക്യൂട്ടീവ് ഡയറക്ടർ വിജിലൻസ് അന്വേഷണമെന്ന് പറഞ്ഞിട്ടില്ല. ഡിപ്പാർട്ടുമെന്റൽ എൻക്വയറി എന്നാണ് പറഞ്ഞിട്ടുള്ളത്. അത് നടക്കുന്നുണ്ട്. അത് ബോദ്ധ്യമാകുന്നില്ലെങ്കിൽ ഏത് അന്വേഷണവും നടത്തട്ടെ.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അധികാര വികേന്ദ്രീകരണ പ്രക്രിയ

4 (*273) ശ്രീ. ബി. സത്യൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി നടത്തിപ്പിലെ ഏകോപനം അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് എത്രത്തോളം അനുപേക്ഷണീയമാണ്; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രാദേശിക വികസനം മൂന്ന് മന്ത്രിമാരുടെ കീഴിൽ കൊണ്ടുവന്ന നടപടി പ്രസ്തുത ഏകോപിത പ്രവർത്തനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) മൂന്ന് മന്ത്രിമാരുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ എന്ന നിലയിൽ കൊണ്ടുവന്ന പകരം സംവിധാനങ്ങൾ ഏതെല്ലാമായിരുന്നു ; അവയുടെ പ്രവർത്തനം കൊണ്ടുണ്ടായ ഗുണപരമായ മാറ്റങ്ങൾ അറിയിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) പദ്ധതി നടത്തിപ്പിലെ ഏകോപനം വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയ്ക്ക് അത്യന്താപേക്ഷിതമാണ്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും അതിന്റെ ഭൂപ്രദേശത്തിന്റെയും ജനങ്ങളുടെയും സമഗ്ര വികസനം, പുരോഗതി എന്നിവയാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം. പങ്കാളിത്ത വികസന സമീപനത്തിലൂടെ സമഗ്ര വികസനം സാധ്യമാകണമെങ്കിൽ കൃത്യമായി ഓരോ ഘട്ടത്തിലും വിവിധ വികസന കൂട്ടാളികൾ തമ്മിലും പദ്ധതിയുടെ വിവിധ ഘടകങ്ങൾ തമ്മിലും ഏകോപനം ആവശ്യമാണ്. പദ്ധതി നടത്തിപ്പിലും ഇത് അനിവാര്യമാകുന്നു.

(ബി & സി) പ്രാദേശിക വികസനം മൂന്ന് മന്ത്രിമാരുടെ കീഴിൽ കൊണ്ടുവന്ന നടപടി ഏകോപിത പ്രവർത്തനങ്ങളെ ഒരു വിധത്തിലും പ്രതികൂലമായി ബാധിച്ചിട്ടില്ല. മറിച്ച് ആസൂത്രണ പ്രക്രിയയെ കൂടുതൽ സഹായിക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത്, നഗരകാര്യം, ഗ്രാമ വികസനം തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ ഏകോപനം ആവശ്യമായി വരുന്നപക്ഷം തീരുമാനമെടുക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് വകുപ്പുമന്ത്രി, നഗരകാര്യ വകുപ്പുമന്ത്രി, ഗ്രാമവികസന വകുപ്പുമന്ത്രി എന്നിവർ ഉൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആസൂത്രണ പ്രക്രിയയിൽ ഏതെങ്കിലും തരത്തിലുള്ള സംശയങ്ങളോ തടസ്സങ്ങളോ പ്രത്യേക സർക്കാർ അനുമതിയോ വേണ്ട സന്ദർഭങ്ങളുണ്ടായാൽ അവ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള സംവിധാനമാണ് സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി. ഈ കമ്മിറ്റിയിൽ വകുപ്പിലെ മൂന്ന് മന്ത്രിമാരും അംഗങ്ങളാണ്. മിക്കവാറും എല്ലാ ആഴ്ചയിലും കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ചേർന്ന് പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കാറുണ്ട്. അങ്ങനെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കാൻ സാധിക്കുന്നു. കൂടാതെ, പ്രത്യേക അനുമതി, യഥേഷ്ടാനുമതി വിഷയങ്ങളിൽ അനന്തമായ കാത്തിരിപ്പ് അവസാനിച്ച് അടിയന്തര പരിഹാരം കാണുന്നതിനും സഹായകരമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly